## പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായക്ഷേമ സമിതി
# (2014-16)

## പതിനഞ്ചാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പിന്നോക്കസമുദായക്ഷേമ സമിതി (2006-08)യുടെ രണ്ടാമത് റിപ്പോർട്ട് (വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കരുവാൻ സമുദായ സംരക്ഷണ സമിതി സമർപ്പിച്ച ഹർജി സംബന്ധിച്ച്)-ലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2015

പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായക്ഷേമ സമിതി
# (2014-16)

## പതിനഞ്ചാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പിന്നോക്കസമുദായക്ഷേമ സമിതി (2006-08)യുടെ രണ്ടാമത് റിപ്പോർട്ട് (വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കണവാൻ സമുദായ സംരക്ഷണ സമിതി സമർപ്പിച്ച ഹർജി സംബന്ധിച്ച്)-ലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

1265/2015.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |

# പിന്നോക്കസമുദായക്ഷേമ സമിതി (2014-16)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. മമ്മൂട്ടി

അംഗങ്ങൾ :

ശ്രീ. കെ. അച്ചുതൻ

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. എ. റ്റി. ജോർജ്

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ആർ. സെൽവരാജ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

## മുഖവുര

പിന്നോക്കസമുദായക്ഷേമ സമിതി (2014-16)യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഡിസംബർ 1-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

സി. മമ്മൂട്ടി,

*അദ്ധ്യക്ഷൻ,*

*പിന്നോക്കസമുദായക്ഷേമ സമിതി.*

തിരുവനന്തപുരം,

2015 ഡിസംബർ 4.

അദ്ധ്യായം I

# റിപ്പോർട്ട്

പന്ത്രണ്ടാം കേരള നിയമസഭയുടെ പിന്നോക്കസമുദായക്ഷേമ സമിതി (2006-08)യുടെ രണ്ടാമത് റിപ്പോർട്ട് (വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കരുവാൻ സമുദായ സംരക്ഷണ സമിതി സമർപ്പിച്ച ഹർജി സംബന്ധിച്ച്) 2007 ജൂലൈ 16-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ 5 മുതൽ 14 വരെ ഖണ്ഡികകളിലായി 10 ശിപാർശകൾ ആണ് ഉണ്ടായിരുന്നത്.

റിപ്പോർട്ടിന്റെ അച്ചടിച്ച പകർപ്പുകൾ അവയിലെ ശിപാർശ/നിർദ്ദേശങ്ങളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി 10-9-2007-ൽ സർക്കാരിലേക്ക് അയച്ചുകൊടുത്തു. ശിപാർശ 1, 2 എന്നിവയ്ക്ക് ലഭിച്ച മറുപടികൾ 6-6-2012-ലെ യോഗത്തിലും ശിപാർശ 3 ന്മേൽ ലഭിച്ച മറുപടി 8-6-2010-ലെ യോഗത്തിലും ശിപാർശ 4, 5, 9, 10 എന്നിവയ്ക്ക് ലഭിച്ച മറുപടികൾ 10-6-2009-ലെ യോഗത്തിലും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ശിപാർശ 6, 7 എന്നിവയിന്മേൽ 10-6-2009-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരങ്ങൾക്ക് ലഭിച്ച മറുപടികൾ 8-6-2010-ലെ യോഗത്തിലും 8-ാം മത് ശിപാർശയിന്മേൽ 30-9-2013-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരങ്ങൾക്ക് ലഭിച്ച മറുപടി 31-12-2014-ൽ കൂടിയ യോഗത്തിലും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളും ഈ റിപ്പോർട്ടിൽ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

അദ്ധ്യായം II

## റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

ശിപാർശ 1 (ഖണ്ഡിക 5)

പാരമ്പര്യ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കരുവാൻ സമുദായക്കാർക്ക് ട്രേഡ് സർട്ടിഫിക്കറ്റിന് തത്തുല്യമായ യോഗ്യതയായി അവരുടെ തൊഴിലിലുള്ള മികവ് മാനദണ്ഡമായി എടുക്കണമെന്നും കരുവാൻ സമുദായത്തെ സാമുദായികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും തൊഴിൽപരമായും സംരക്ഷിക്കാൻ വേണ്ട നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ തൊഴിലിൽ മികവുള്ള കരുവാൻ സമുദായക്കാർക്ക് വർക്ക്ഷോപ്പുപോലെയുള്ള തൊഴിൽ ശാലകളിൽ ജോലി ലഭ്യമാക്കുന്നതിനുള്ള അവസരം നേടിക്കൊടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

1265/2015.

## സർക്കാർ സ്വീകരിച്ച നടപടി

[തൊഴിലും പുനരധിവാസവും (സി) വകുപ്പ് 18-11-2011-ലെ 5109/സി4/11/തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്]

സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവിന്റെ ഭാഗമായി മോഡ്യുലാർ എംപ്ലോയബിൾ സ്കിൽസ് എന്നൊരു പദ്ധതി ദേശീയ തലത്തിൽ തന്നെ നിലവിലുണ്ട്. നിലവിൽ ഈ പദ്ധതിയിൻ കീഴിൽ അറുപത്തിയഞ്ച് വിവിധ സെക്ടറുകളിലായി 1158 കോഴ്സുകൾ നിലവിലുണ്ട്. കരുവാൻ സമുദായം ഉൾക്കൊള്ളുന്ന വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടതും വിവിധ കലത്തൊഴിലുകളിൽ ഏർപ്പെടുന്നവർക്കും അവരുടെ കഴിവുകൾ പ്രദർശിപ്പിച്ച് ടെസ്റ്റിന് വിധേയമായി ദേശീയാംഗീകാരമുള്ള സർട്ടിഫിക്കറ്റ് നേടാനാവും. വിശ്വകർമ്മ വിഭാഗത്തിൽപ്പെടുന്നവരുടെ കലത്തൊഴിലുമായി ബന്ധപ്പെട്ട 'ജെം & ജ്വവലറി' സെക്ടറിൽ 21 വിവിധയിനം കോഴ്സുകൾ ഉണ്ട്. 8-ാം ക്ലാസ് ആണ് അടിസ്ഥാന യോഗ്യത. 'ടോയ് മേക്കിംഗ് ' സെക്ടറിൽ ഏഴ് വിവിധ കോഴ്സുകൾ ഉണ്ട്. 5-ാം ക്ലാസ് ആണ് അടിസ്ഥാന യോഗ്യത. 'വുഡ് വർക്കിൽ' രണ്ട് കോഴ്സുകൾ ഉണ്ട്. 5-ാം ക്ലാസ് ആണ് അടിസ്ഥാന യോഗ്യത. എഴുതാനും വായിക്കാനും അറിയുന്നവർക്കായി 'ബ്രാസ് വെയർ', 'ഗ്ലാസ് വെയർ' സെക്ടറുകളിലായി ഓരോ കോഴ്സുകൾ നിലവിലുണ്ട്. ബന്ധപ്പെട്ട സെക്ടറുകളിൽ പ്രാവീണ്യമുള്ളവർക്ക് കോഴ്സുകളിൽ ചേരാതെ തന്നെ ഡയറക്ട് ടെസ്റ്റിംഗിനുള്ള അവസരവും ടി പദ്ധതിപ്രകാരം നിലവിൽ ഉണ്ട്. ഈ പദ്ധതി സംസ്ഥാനത്തെ 68 വൊക്കേഷണൽ ട്രെയിനിംഗ് പ്രോവൈഡറു(വി.ടി.പി.)കളിൽ നടത്തിവരുന്നു. നിലവിലുള്ള സെക്ടറുകൾക്കുപുറമെ അധികം കോഴ്സുകൾ ഉൾപ്പെടുത്തണമെങ്കിൽ അതിനുള്ള ശിപാർശ നൽകിയാൽ അത്തരം കോഴ്സുകൾ മോഡ്യൂലർ എംപ്ലോയബിൾ സ്കിൽ (എം.ഇ.എസ്.) സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള അവസരവും ടി പദ്ധതിയിൽ ലഭ്യമാണ്. കരുവാൻ സമുദായക്കാരെ ജോബ് ഫെസ്റ്റിൽ പങ്കെടുപ്പിക്കുന്നതിനുള്ള നിർദ്ദേശം വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പത്ര, ദൃശ്യമാധ്യമങ്ങളിൽ കൂടി പരമാവധി പരസ്യം നടത്തിയാണ് ജോബ് ഫെസ്റ്റുകൾ നടത്തുന്നത്. 2011 വർഷത്തെ ജോബ് ഫെസ്റ്റ് എറണാകുളത്തുവച്ച് 29-8-2011-ലും കോഴിക്കോട് വെച്ച് 5-9-2011-ലും നടത്തുകയുണ്ടായി. ഈ വർഷത്തെ ജോബ് ഫെസ്റ്റുകൾ അവസാനിച്ചതിനാൽ, വരുംവർഷങ്ങളിൽ കരുവാൻ സമുദായ സംഘടനകൾ വഴിയും ജോബ് ഫെസ്റ്റ് സംബന്ധിച്ച് പരമാവധി പ്രചരണം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ശിപാർശ 2 (ഖണ്ഡിക 6)

സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള ക്ഷേമ പദ്ധതികളെക്കുറിച്ചും വായ്പാ പദ്ധതികളെക്കുറിച്ചും കരുവാൻ സമുദായക്കാർക്ക് അവബോധം ഉണ്ടാക്കുന്നതിനുവേണ്ടി വ്യാപകമായ പ്രചാരണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

[തൊഴിലും പുനരധിവാസവും (ഇ) വകുപ്പ് 21-5-2010-ലെ 12764/ഇ 2/09/തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്]

തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ആം ആദ്മി ബീമായോജന, രാഷ്ട്രീയ സ്വാസ്ഥ്യ ബീമയോജന, അസംഘടിത തൊഴിലാളി ക്ഷേമ പദ്ധതി തുടങ്ങിയ ക്ഷേമ പദ്ധതികളെക്കുറിച്ച് ബന്ധപ്പെട്ട തൊഴിൽ വകുപ്പുദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി കരുവാൻ സമുദായാംഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ വ്യാപകമായ ബോധവല്ക്കരണ പ്രവർത്തനം നടത്തി വരുന്നുണ്ട്.

<u>ശിപാർശ 3 (ഖണ്ഡിക 7)</u>

ഐ.റ്റി.ഐ., പോളിടെക്നിക് എന്നീ സ്ഥാപനങ്ങളിൽ ഈ വിഭാഗക്കാർക്കുകൂടി സംവരണത്തിന്റെ ആനുകൂല്യം ലഭ്യമാക്കി അവരുടെ തൊഴിലിന് ഉതകുന്ന വെൽഡിംഗ് മോട്ടോർ മെക്കാനിസം, ബിൽഡിംഗ് കൺസ്ട്രക്ഷൻ എന്നീ ട്രേഡുകൾ പഠിപ്പിക്കുന്നതിനും ഇവരെ അതിലേക്ക് ആകർഷിക്കുന്നതിനും വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് പിന്നോക്കവിഭാഗ വികസന കോർപ്പറേഷന് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

[ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ് 22-3-2010-ലെ 4300/എൽ1/09/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട്]

പോളിടെക്നിക്കുകളിൽ സമിതി ശിപാർശ ചെയ്യുന്ന ട്രേഡുകൾ ഉൾക്കൊള്ളുന്ന (മെക്കാനിക്കൽ, ആട്ടോമൊബൈൽ, സിവിൽ) ബ്രാഞ്ചുകളിൽ സർക്കാർ അംഗീകരിച്ച സംവരണ വ്യവസ്ഥകളിൻപ്രകാരമാണ് പ്രവേശനം നൽകുന്നത്. ഇതിൽ മാറ്റം വരുത്തുന്നതിന് പൊതുവായ തീരുമാനമെടുക്കേണ്ടതുണ്ട്. 5% സംവരണാനുകൂല്യം ഉള്ള മറ്റ് പിന്നോക്ക ഹിന്ദു വിഭാഗത്തിൽ 'കരുവാൻ' സമുദായവും ഉൾപ്പെടുന്നുണ്ട്.

<u>ശിപാർശ 4 (ഖണ്ഡിക 8)</u>

തൊഴിലാളികൾക്ക് പരിശീലനം നൽകേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. ആയതിനാൽ, പരിശീലനവും വിപണനവും (ട്രെയിനിംഗ് ആന്റ് മാർക്കറ്റിംഗ്) സംബന്ധിച്ച് തൊഴിലാളികളെ ഉത്ബുദ്ധരാക്കുന്നതിനും പരിശീലനം നൽകുന്നതിനും പിന്നോക്കവിഭാഗവികസന കോർപ്പറേഷന് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ ഗുണഭോക്താക്കൾക്കായി പരിശീലനം നൽകിവരാറുണ്ട്. കരുവാൻ സമുദായത്തിന് നൽകേണ്ട തൊഴിൽ പരിശീലന ആവശ്യത്തെക്കുറിച്ച് ടി സമുദായം വിവരം/നിർദ്ദേശം നൽകുകയാണെങ്കിൽ ഈ സമുദായാംഗങ്ങളെ ഉൾപ്പെടുത്തി പരിശീലനം നൽകുന്നതിന് ഈ കോർപ്പറേഷൻ തയ്യാറാണ് എന്ന് അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ 5 (ഖണ്ഡിക 9)</u>

കരുവാൻ സമുദായാംഗങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സാമഗ്രികൾ വിറ്റഴിക്കുന്നതിന് വ്യപാരമേളകൾ സംഘടിപ്പിക്കണമെന്നും അതിന് സഹായസഹകരണങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി പിന്നോക്കവിഭാഗ വികസന കോർപ്പറേഷന് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എല്ലാ വർഷവും സംസ്ഥാന തലത്തിലും ദേശീയ തലത്തിലും സർക്കാരുകൾ സംഘടിപ്പിക്കുന്ന എക്സിബിഷനുകളിലും ദേശീയ പിന്നോക്കവിഭാഗ ധനകാര്യ കോർപ്പറേഷൻ (NBCFDC) സംഘടിപ്പിക്കുന്ന എക്സിബിഷനുകളിലും ഈ കോർപ്പറേഷനിൽ നിന്നും വായ്പ നൽകിയിട്ടുള്ള മറ്റു പിന്നോക്കവിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് അവരവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനും കോർപ്പറേഷൻ അവസരം നൽകാറുണ്ട്. ഇത്തരം പരിപാടികളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള കരുവാൻ സമുദായാംഗങ്ങളുടെ പേരും വിലാസവും ലഭ്യമാക്കുകയാണെങ്കിൽ യഥാസമയങ്ങളിൽ കോർപ്പറേഷനിൽ നിന്നും അറിയിപ്പ് നൽകുന്നതായിരിക്കും. ഇത്തരം പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്നവർക്ക് ദേശീയ പിന്നോക്കവിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ നിബന്ധനകൾക്ക് വിധേയമായി സഹായ സഹകരണങ്ങൾ ലഭ്യമാക്കുന്നതാണ്.

<u>ശിപാർശ 6 (ഖണ്ഡിക 10)</u>

പിന്നോക്കവിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ച് വിശദമായ ഒരു പഠനം നടത്തി പ്രസ്തുത സ്ഥാപനം കാര്യക്ഷമമായും ഫലപ്രദമായും പ്രവർത്തിക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബി.സി.ഡി.സി.യുടെ പ്രവർത്തനം സർക്കാർ മോണിറ്റർ ചെയ്യുന്നുണ്ട്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

കേരള സ്റ്റേറ്റ് ബാക്ക്വേഡ് ക്ലാസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ബി.സി.ഡി.സി.) കരുവാൻ സമുദായത്തിന് അനുകൂലമായി സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുക.

<u>സർക്കാർ നൽകിയ മറുപടി</u>

കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും കരുവാൻ സമുദായാംഗങ്ങളും അർഹരാണ്. ടി സമുദായാംഗങ്ങൾക്ക് പരിശീലനം ലഭ്യമാക്കുന്നതിനുവേണ്ടി ആവശ്യപ്പെടുകയോ എക്സിബിഷനുകളിൽ പങ്കെടുക്കുവാൻ സന്നദ്ധത കാണിച്ച് ടി സമുദായംഗങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുകയോ ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ കരുവാൻ സമുദായാംഗങ്ങൾക്ക് മാത്രമായി കോർപ്പറേഷൻ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ ഇപ്പോൾ കാര്യക്ഷമമായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. കോർപ്പറേഷന്റെ പ്രവർത്തനം സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധന നടത്താറുണ്ട്.

<u>ശിപാർശ 7 (ഖണ്ഡിക 11)</u>

കേരള കമ്മീഷൻ ഫോർ ബാക്ക്വേർഡ് ക്ലാസസ് ആക്ട് അനുസരിച്ചുള്ള ഒരു സർവ്വേ നടത്തണമെന്നും കരുവാൻ സമുദായത്തെ നിലവിലുള്ള വിഭാഗത്തിൽത്തന്നെ നിലനിർത്തി അവർക്ക് സാമ്പത്തിക സാമൂഹ്യ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

(24-2-2009-ലെ 22906/എഫ്1/07/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം
ലഭ്യമാക്കിയ മറുപടി)

13-4-2007-ലെ G.O. (Ms.) 24/07/SC.ST.DD., 27-7-2007-ലെ G.O. (Ms.) 44/07/SC.ST.DD. എന്നീ ഉത്തരവുകൾ പ്രകാരം സാമൂഹ്യ സാമ്പത്തിക സർവ്വേ (Socio Economic Survey) നടത്തുവാൻ സർക്കാർ ഉത്തരവ് ആയിട്ടുണ്ട്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

സാമൂഹ്യ സാമ്പത്തിക സർവ്വേ പൂർത്തിയായിട്ടുണ്ടോ; പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുക.

<u>സർക്കാർ നൽകിയ മറുപടി</u>

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ് 20-1-2010-ലെ
17671/എഫ്1/09/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം
ലഭ്യമാക്കിയ മറുപടി]

സർക്കാർ Planning & Economic Affairs Department മുഖാന്തിരം നടത്താനുദ്ദേശിക്കുന്ന സാമൂഹിക സാമ്പത്തിക സർവ്വേയുടെ നടപടികൾ പുരോഗമിക്കുന്നു. സർവ്വേ ഫലം വന്നശേഷം മാത്രമേ കരുവാൻ സമുദായത്തിന്റെ ആവശ്യങ്ങൾ പരിശോധിക്കുവാൻ കഴിയൂ.

## ശിപാർശ 8 (ഖണ്ഡിക 12)

അസംസ്കൃത സാധനങ്ങളായ കരി, ഇരുമ്പ് എന്നിവയുടെ ദൗർലഭ്യവും വിലക്കൂടുതലും കരുവാൻ സമുദായക്കാരുടെ ഉല്പന്നങ്ങളുടെ നിർമ്മാണത്തെയും വിപണനത്തെയും ബാധിക്കുന്നുണ്ട്. അസംസ്കൃത വസ്തുക്കളായ കരി, ഇരുമ്പ് എന്നിവ ന്യായമായ വിലയ്ക്ക് ലഭ്യമായാൽ മാത്രമേ കമ്പനി ഉത്പന്നങ്ങളോട് മത്സരിച്ച് വിപണി കയ്യടക്കുവാൻ സാദ്ധ്യമാവുകയുള്ളൂ. കൂടാതെ ഉല്പന്നങ്ങൾ വേഗത്തിൽ വിറ്റഴിഞ്ഞാൽ മാത്രമേ സാമ്പത്തികമായ നേട്ടം കൈവരിക്കുവാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതുപോലെ ഇവർ ഉത്പാദിപ്പിക്കുന്ന ഉപകരണങ്ങൾ പഞ്ചായത്ത്, കൃഷി എന്നീ വകുപ്പുകളുടെ ആവശ്യത്തിനുവേണ്ടി സംഭരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയാണെങ്കിൽ വിപണനം കുറേക്കൂടി മെച്ചപ്പെടുത്താനാകുമെന്ന് സമിതി കരുതുന്നു. അതിനുവേണ്ട നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

വെസ്റ്റേൺ കോൾ ഫീൽഡ്സ് എന്ന സ്ഥാപനത്തിൽ നിന്നും കേരളത്തിലെ വിവിധ തരം ഉപഭോക്താക്കൾക്കായി കരി വിതരണം ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികൾ സിഡ്കോ അന്വേഷിച്ചിരുന്നു. എന്നാൽ ടി കമ്പനിയുടെ വിപണന നിബന്ധനകൾക്കനുസരിച്ച് കരാറുണ്ടാക്കുന്നതിന് ആവശ്യമായത്ര അളവിൽ കരി സിഡ്കോയിൽ നിന്നും വാങ്ങാൻ ആവശ്യക്കാരില്ലാത്തതിനാൽ കരിയുടെ വിതരണം സിഡ്കോയ്ക്ക് പ്രായോഗികമല്ല. തന്നെയുമല്ല കരി അസംസ്കൃത വസ്തുവായി ഉപയോഗിച്ചിരുന്ന യൂണിറ്റുകളിൽ നല്ലൊരു ഭാഗവും മറ്റു പദാർത്ഥങ്ങളിലേക്ക് മാറുകയും ചെയ്തിട്ടുണ്ട്. ആയതുകൊണ്ട് കരിയുടെ വിപണനം സിഡ്കോ നടത്തുന്നില്ല.

കേരളത്തിലെ ചെറുകിട വ്യവസായങ്ങൾക്ക് ഇരുമ്പ് പദാർത്ഥങ്ങൾ സിഡ്കോ ജില്ലാതല ഡിപ്പോകൾ വഴി വിപണനം ചെയ്യുന്നുണ്ട്. ഇരുമ്പുരുക്ക് പദാർത്ഥങ്ങളുടെ പ്രധാന നിർമ്മാതാക്കളായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (സെയിൽ), വിശാഖപട്ടണം സ്റ്റീൽ പ്ലാന്റ് എന്നിവയിൽ നിന്ന് നേരിട്ടും മറ്റു നിർമ്മാതാക്കളുടെ ഡീലർമാരിൽ നിന്നും വിതരണക്കാരിൽ നിന്നുമാണ് സിഡ്കോ ഇവ വാങ്ങി വിപണനം ചെയ്യുന്നത്.

കരുവാൻ സമുദായാംഗങ്ങൾക്ക് ആവശ്യമായ കരിയുടെയും ഇരുമ്പിന്റെയും വ്യക്തമായ തരവും ഇനവും പ്രതിമാസ ആവശ്യകതയും അറിയുകയാണെങ്കിൽ അവ ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

സമിതി ആവശ്യപ്പെട്ട അധികവിവരം

കരുവാൻ സമുദായാംഗങ്ങൾക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നതിന് SIDCO യുമായിട്ടാണോ ബന്ധപ്പെടേണ്ടത് എന്ന വിവരം ലഭ്യമാക്കുക.

സർക്കാർ നൽകിയ മറുപടി

കരുവാൻ സമുദായാംഗങ്ങൾക്ക് ആവശ്യമായിട്ടുള്ള അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നതിന് എറണാകുളത്തുള്ള സിഡ്കോയുടെ റോ മെറ്റീരിയൽ ഡിവിഷൻ മേധാവി ശ്രീ. ഗോപീകൃഷ്ണനുമായി ബന്ധപ്പെടേണ്ടതാണ്.

ഓഫീസ് അഡ്രസ് :

ശ്രീ. ഗോപീകൃഷ്ണൻ,

കേരള സിഡ്കോ റോ മെറ്റീരിയൽ ഡിവിഷൻ,

കടവന്ത്ര, കൊച്ചി-20.

ഫോൺ നമ്പർ : 0484-2205651

മൊബൈൽ ഫോൺ നമ്പർ : 9447320266

ശിപാർശ 9 (ഖണ്ഡിക 13)

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പാർപ്പിട പദ്ധതികളിൽ കരുവാൻ സമുദായക്കാരെക്കൂടി. പങ്കാളികളാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നതുമൂലം പല പദ്ധതികളുടെയും നേട്ടം തങ്ങൾക്ക് ലഭിക്കുന്നില്ലായെന്നും അവർ പിന്നോക്കസമുദായത്തിൽ ഉൾപ്പെടുന്നു എന്ന ഒറ്റക്കാരണത്താൽ തങ്ങൾക്ക് കൂടി അനുഭവയോഗ്യമാകേണ്ട ഇത്തരം പദ്ധതികൾ മുൻഗണനാ മാനദണ്ഡങ്ങൾ അനുസരിച്ച മാത്രമേ നടപ്പിലാക്കൂ എന്ന സർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ആയതിനാൽ ഭവന പദ്ധതികളിൽ കരുവാൻ സമുദായത്തിന് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കാൻ ബി.സി.ഡി.സി. കാര്യക്ഷമമായി പ്രവർത്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ് 24-2-2009-ലെ 22906/ എഫ്1/ 07/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട്]

KSBCDC സർക്കാർ/പൊതുമേഖലാ സ്വകാര്യ മേഖലയിലെ ഉദ്യോഗസ്ഥർക്കുള്ള സ്വസ്ഥഗൃഹ വായ്പ ഭവന പുനരുദ്ധാരണ വായ്പ നൽകി വരുന്നുണ്ട്. പ്രസ്തുത വായ്പ അർഹരായ പിന്നോക്കവിഭാഗങ്ങളിൽപ്പെടുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്.

ശിപാർശ 10 (ഖണ്ഡിക 14)

ക്ഷേമനിധിയെക്കുറിച്ച് കരുവാൻ സമുദായക്കാരെ ബോധവൽക്കരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് നിർദ്ദേശം നൽകണമെന്നും ക്ഷേമനിധിയിൽ അവരെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം ബന്ധപ്പെട്ട വകുപ്പുമായി ആലോചിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

'ക്ഷേമനിധി ബോർഡുകൾ വിഭാവനം ചെയ്യുന്നത് ഓരോരോ വിഭാഗം തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടിയാണ്. ഈ സമുദായക്കാർ ഇരുമ്പിന്റെ പണിയിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ ഇവർക്ക് കൈതൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാകാവുന്നതും പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റാവുന്നതുമാണ് എന്നുള്ള വിവരം അറിയിക്കുന്നു.

കരുവാൻ സമുദായത്തിലെ അംഗങ്ങളെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

[തൊഴിലും പുനരധിവാസവും (ഇ) വകുപ്പ് 17-7-2009-ലെ 5604/ഇ 2/2009/ തൊഴിൽ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട്]

വിശ്വകർമ്മ സമുദായത്തിലെ ഇരുമ്പുപണി കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള വിഭാഗമാണ് കരുവാൻ സമുദായം. ഇവരുടെ ജനസംഖ്യ ഒരു പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് പര്യാപ്തമല്ല. കൂടാതെ, ഒരു പ്രത്യേക സമുദായത്തിനോ വിഭാഗത്തിനോ മാത്രമായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുക പ്രായോഗികവുമല്ല. ഇപ്പോൾ നിലവിലുള്ള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ ഇവർക്കും അംഗങ്ങളാകാവുന്നതും പ്രസ്തുത ക്ഷേമ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹത നേടാവുന്നതുമാണ്.

സി. മമ്മൂട്ടി,

*അദ്ധ്യക്ഷൻ,*

*പിന്നാക്കസമുദായക്ഷേമ സമിതി.*

തിരുവനന്തപുരം,

2015 ഡിസംബർ 1.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.